പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2965

10.5.2017 ൽ മറുപടിക്ക്

## പോലീസ് സ്റ്റേഷനുകൾ ആധുനികവൽക്കരിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൽദോ എബ്രഹാം | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | സംസ്ഥാനത്തെ പോലിസ് സ്റ്റേഷനുകൾ ആധുനിക വൽക്കരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ; | എ) | താല്ക്കാലിക വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തം കെട്ടിടം, സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കൽ, പുതിയ version കമ്പ്യൂട്ടറുകൾ ലഭ്യമാക്കൽ, ത്വരിതമായി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലേയ്ക്കായി ഓൺ ലൈൻ സംവിധാനങ്ങൾ, പ്രൊജക്ടറുകൾ, ആൾക്കോമീറ്ററുകൾ, പോലീസിന്റെ സുരക്ഷയ്ക്കായി ബോഡി പ്രൊട്ടക്ടീവ് ഗിയർ പോലുള്ള സുരക്ഷാ ഉപകരണങ്ങൾ, ട്രാഫിക് റഗുലേഷൻ കാര്യക്ഷമമാക്കാൻ പോലീസ് സ്റ്റേഷനുകളിൽ സ്പീഡ് റഡാർ പോലുള്ള അത്യാധുനിക ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പോലീസ് സ്റ്റേഷനുകളിൽ ഡിജിറ്റൽ ഫിംഗർ പ്രിന്റ് സ്കാനറുകൾ, ഫർണീച്ചറുകൾ, സോഫ്റ്റ് വെയറുകൾ എന്നിവ വാങ്ങുന്നതിനും സ്റ്റേഷനുകളിൽ അധിക സ്ഥലസൗകര്യം ലഭ്യമാക്കുന്നതിനും സ്റ്റേഷനുകൾ അംഗപരിമിത സൗഹൃദമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | പരിചയക്കുറവുള്ള ഉദ്യോഗസ്ഥർ സ്റ്റേഷൻ ചുമതല വഹിക്കുന്നതു മൂലം പലപ്പോഴും കുറ്റാന്വേഷണത്തിൽ വീഴ്ചകൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | പോലീസ് രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെടുന്നവ എത്ര ഉണ്ടെന്ന് പരിശോധിക്കാറുണ്ടോ; എങ്കിൽ കഴിഞ്ഞ വർഷം പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ , ശിക്ഷ ലഭിച്ച കേസുകൾ എന്നിവയുടെ എണ്ണം അറിയിക്കാമോ? | സി) | 2016-ൽ 7,18,422 കേസുകൾ (IPC, SLL, Traffic കേസുകൾ ഉൾപ്പെടെ) രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 3,13,906 കേസുകളിന്മേൽ ശിക്ഷ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ